കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കീരമ്പാറ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-2019


ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

e-mail: doekm.ksad@kerala.gov.in


(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം.(പI14)258/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം ജില്ല
സിവിൽ സ്റ്റേഷൻ, കാക്കനാട്.
ഫോൺ 0484 2422271
ഇ മെയ്ൽ doekm.ksad@kerala.gov.in
തീയതി 18.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീരമ്പാറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:- കീരമ്പാറ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യ മായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.- ഇകെ.എം.(പി.14)258/220 തീയതി:18.03.2020

## എറണാകുളം ജില്ലയിലെ കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കീരമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.11.2018 മുതൽ 15.02.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.വിനോദ്.കെ.കെ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | | 20.02.2020 മുതൽ 29.02.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | ശ്രീ.ജ്യോതിമോൻ.സി.സി. | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.ഹരീഷ് ബാബു എൻ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.വിജു.എം.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.അനീഷ് ആർ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.ബെന്നി പോൾ | 01.04.2018 മുതൽ 31.3.2019 വരെ |
| വൈസ് പ്രസിഡന്റ് | : | ശ്രീ.സിനി യാക്കോബ് | 01.4.2018 മുതൽ 04.1.2019 വരെ |
| | | ബീന ജോഷി, | 28.1.2019-31.3.2019 |

| | | | |
|---|---|---|---|
| | | | വരെ (5.1.19-- 27.1.19 ഒഴിവ്) |
| ചെയർമാൻ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീ .ബിനോയ് സി പുല്ലൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർപേഴ്സൺ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീമതി.ബിജി ജോണി | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീ.എം.സി അയ്യപ്പൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | : | ശ്രീ. സിന്ധു.വി, | 1.4.18 മുതൽ 31.5.18 വരെ |
| | | ശ്രീമതി. ഹസീന.പി. മൈതീൻ | 1.6.18 മുതൽ 15.6.18 വരെ |
| | | ശ്രീ. ജയന്തകുമാർ.എ.പി | 16.6.18 മുതൽ 31.3.19 വരെ |

| | | | |
|---|---|---|---|
| ഉദ്യോഗപ്പേര് | | | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീമതി. ലാലു.ഇ.ബി | 01.04.2018 മുതൽ 18.6.2018 വരെ |
| | | ശ്രീ. ഹരി.ആർ | 19.06.2018 മുതൽ 16.8.2018 വരെയും 23.11.18 മുതൽ 24.1.19 വരെയും |
| | | ശ്രീമതി.ദിവ്യ.കെ.എം | 17.8.18മുതൽ 22.11.2018 വരെ |
| | | ശ്രീ. ദിനേശ്.ടി.എം | 25.1.19 മുതൽ 31.03.2019 |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീമതി.ഡാർലി ചെറിയാൻ | 01.04.2018 മുതൽ 6.04.2018 വരെയും 24.6.18 മുതൽ 31.3.19വരെും |
| | | ഹസീന പി.മൈതീൻ | 7.4.18 മുതൽ 23.6.18 വരെ |
| കൃഷി ഓഫീസർ | | ശ്രീമതി.ലിപി.പി | 01.04.2018 മുതൽ 28.2.2019 വരെ |
| | | ശ്രീമതി. ജാസ്മിൻ തോമസ് | 01.04.2018 മുതൽ 28.2.2019 വരെ |
| വെറ്ററിനറി സർജൻ | | ഡോ.ഷൈജു.പി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | | ഡോ.ഗീതു കൃഷ്ണൻ | 01.04.2018 മുതൽ 2.5.18 വരെയും 24.7.18 മുതൽ 6.9.18വരെയും |
| | | ഡോ.അനൂപ് തുളസി | 3.5.18 മുതൽ 23.7.18 വരെ |
| | | | [illegible] |

| | | | |
|---|---|---|---|
| | | ഡോ.അഞ്ജന.കെ.ഇ | 7.9.18 മുതൽ12.3.19 വരെ |
| | | ഡോ.വീണ.എം.എം | 13.3.19 മുതൽ 31.3.19വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദ ആശുപത്രി | | ഡോ.രേണു.എം.നായർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ ആശുപത്രി | | ഡോ.എം.എം.ബക്കർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | | ശ്രീമതി.രാധ.കെ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നാട്ടുകാണി | | ശ്രീ.ഷിജോ തങ്കപ്പൻ | 01.04.2018 മുതൽ 14.8.2018 വരെ (15.8.18 മുതൽ3.10.18 വരെ ഒഴിവ്) |
| | | ശ്രീ.ബിനിൽ.സി.മോഹൻ | 4.10.2018 മുതൽ 31.3.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കീരമ്പാറ | | ശ്രീമതി.ജാൻസി പൗലോസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ. ജി.എൽ.പി.എസ്. കീരമ്പാറ | | ശ്രീമതി.ശോഭന.വി.എസ് | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| 13 | 2017ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം ഫീസ് ഈടാക്കിയില്ല | 1-13 |
| 14 | സംയുക്ത പദ്ധതി - ജില്ലാ പഞ്ചായത്ത് വിഹിതം -ചെലവഴിക്കപ്പെട്ട തുക ഇപ്പോഴും നീക്കിയിരിപ്പായി തുടരുന്നു. | 1-14 |

| | | |
|---|---|---|
| 15 | ലൈഫ് ഭവന നിർമ്മാണം-കരാർ ലംഘനം | 1-15 |
| 16 | വെള്ളക്കരം കുടിശിക – വികസന ഫണ്ട് ഉത്ഭവത്തിൽ കുറവ് ചെയ്തത് ഡിമാന്റിൽ കുറവ് ചെയ്തില്ല. | 1-16 |
| 17 | ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ. | 1-17 |
| 18 | വെള്ളക്കരം കുടിശ്ശിക-ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല- അർഹമായ ഗ്യാപ് ഫണ്ട് അവകാശപ്പെടാനാവുന്നില്ല. | 1-18 |
| 19 | ജൈവ വളം വിതരണം ചെയ്തതിലെ അപാകതകൾ | 1-19 |
| 20 | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സമയ ബന്ധിതമായി അനുവദിക്കുന്നില്ല. | 1-20 |
| 21 | ശുചിത്വമിഷൻ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-21 |
| 22 | വികസന ഫണ്ട് നിയമാനുസൃതമല്ലാതെ ചെലവഴിച്ചത് സംബന്ധിച്ച്. | 1-22 |
| 23 | ജി.എസ്.ടി അധികമായി അടവാക്കി. | 1-23 |
| 24 | എസ്.എസ്.എ.പ്രോജക്ട്- അപാകതകൾ | 1-24 |
| 25 | സോഷ്യോ ഇക്കണോമിക് യൂണിറ്റിന്റെ ബയോഗ്യാസ് യൂണിറ്റ് വിതരണം-അപാകത | 1-25 |
| 26 | നാട്ടുകാണി ചേറ്റുകണ്ടം റോഡ് സൈഡ് വാൾ - അപാകതകൾ | 1-26 |
| 27 | എസ്.സി. വിപണനകേന്ദ്രം- വാട്ടർ കണക്ഷൻ - അപാകതകൾ | 1-27 |
| 28 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി- നിർവ്വഹണത്തിലെ അപാകതകൾ | 1-28 |
| | <u>ഭാഗം 2</u> | |
| 29 | വരവിനങ്ങളുടെ നിരീക്ഷണങ്ങൾ | 2-1 |
| | <u>ഭാഗം 3</u> | |
| 30 | ടെണ്ടറിംഗ് നടപടിയിലെ അപാകത മൂലം അധികം തുക നൽകി. | 3-1 |
| 31 | നാട്ടുകാണി ചേറ്റുകണ്ടം റോഡ് സൈഡ് വാൾ - അപാകതകൾ | 3-2 |
| | <u>ഭാഗം 4</u> | |
| 32 | വാർഷിക കണക്കിലെ അപാകതകൾ | 4-1 |
| 33 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 34 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 36 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |

| | | |
|---|---|---|
| 37 | സ്ഥിര നിക്ഷേപം | 4-6 |
| 38 | ഓഡിറ്റ് റിക്കവറി | 4-7 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 40 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-12 |
| 44 | ബാലൻസ് ഷീറ്റ് | അനുബന്ധം.1 |
| 45 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.2 |
| 46 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 24.03.2018 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 156892000 | 156592000 |
| വാർഷിക കണക്ക് പ്രകാരം | 50381228 | 42806795 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 18.5.19 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | വാർഷിക കണക്ക് പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നം./ തീയതി |
|---|---|---|
| 2018-19 | 12.6.2019, 13.6.2019 | കെ.എസ്.എ-ഇ.കെ.എം(പിജി)1227/(71)/2019/ 2.8.2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2951260 |
| വരവ് | 50381228 |
| ആകെ | 53332488 |
| ചെലവ് | 42806795 |

| | |
|---|---|
| നീക്കിയിരിപ്പ് | 10525693 |

# 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം) | ആകെ | ചെലവ് (എ.സി.ആർ പ്രകാരം) | സർക്കാരിലേക്ക് തിരികെ | ചെലവ് ശതമാനം | നീക്കി ബാക്കി |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 10750000 | 10750000 | 10246041 | **00 | 100 | 00 |
| വികസന ഫണ്ട് (എസ്.സി.പി.) | 00 | 3807000 | 3807000 | 3165725 | 641275 | 83.15 | 00 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 00 | 149000 | 149000 | 110000 | 39000 | 73.82 | 00 |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 00 | 8345000 | 8345000 | 3653657 | 4691343 | 43.78 | 00 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 00 | 2780000 | 2780000 | 2155647 | 624353 | 77.54 | 00 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 00 | 4988000 | 4988000 | 4838350 | 149650 | 97 | 00 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 216 | 340030 | 340246 | 338575 | 00 | 99.5 | 1671 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | -243265 | 7555781 | 7312516 | 3902716 | 00 | 53.37 | 3409800 |
| KSCB ദുരിതാശ്വാസ നിധി | 276492 | 11170 | 287662 | 00 | 00 | 00 | 287662 |
| ടി.പി.അക്കൗണ്ട് | 100 | 00 | 100 | 00 | 00 | 00 | 100 |
| ട്രഷറി ടി.എസ്.ബി ജോയിൻ്റ് വെഞ്ചർ – ബ്ലോക്ക് | 7237 | 2810020 | 2817257 | 631612 | 00 | 22.4 | 2185645 |
| ട്രഷറി ടി.എസ്.ബി ജോയിൻ്റ് വെഞ്ചർ – ജില്ലാ പഞ്ചായത്ത് | 2300250 | 1680250 | 3980500 | 1680250 | 00 | | 2300250 |
| കേന്ദ്രാവിഷ്കൃത ഫണ്ട് – ICDS | 863430 | 308650 | 1172080 | 327985 | 00 | 28 | 844095 |
| കേന്ദ്രാവിഷ്കൃത ഫണ്ട് – ടോട്ടൽ സാനിട്ടേഷൻ | 569512 | 215600 | 785112 | 00 | 00 | 00 | 785112 |
| ശുചിത്വ മിഷൻ ഗ്രാൻറ് | 11505 | 260000 | 271505 | 130000 | 00 | 47.88 | 141505 |
| ബി ഫണ്ട് | 00 | 68000 | 68000 | 68000 | 00 | 100 | 00 |
| SBI-കുടുംബശ്രീ | 946 | 00 | 946 | 649 | 00 | 68.6 | 297 |
| സോളിഡ് വേസ്റ്റ് | 00 | 1200000 | 1200000 | 00 | 00 | 00 | 1200000 |
| SBI-കറണ്ട് അക്കൗണ്ട് | 1054260 | 1996507 | 3050767 | 805831 | 00 | 26.41 | 2244936 |
| ഗുണഭോക്തൃവിഹിതം | 111940 | 329435 | 441375 | 361685 | 00 | 81.9 | 79690 |
| തനത് ഫണ്ട് kscb | -48464 | 9436365 | 9387901 | 10279672 | 0 | 109.4 | -891771 |

ജോയിൻ്റ് വെഞ്ചർ അക്കൗണ്ടിൽ റെസീപ്റ്റ് ആൻ്റ് പേയ്മെൻ്റ് ഷെഡ്യൂൾ 40a പ്രകാരമുള്ള മുന്നിരിപ്പും 17-18 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരമുള്ള നീക്കിബാക്കിയും തമ്മിൽ 1952899 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ റെസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂൾ 40b പ്രകാരമുള്ള നീക്കിബാക്കിയും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരമുള്ള നീക്കിബാക്കിയും തമ്മിൽ 2125459 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

ടോട്ടൽ സാനിട്ടേഷൻ, ശുചിത്വമിഷൻ, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് തുടങ്ങയവയ്ക്ക് പ്രത്യേക അക്കൗണ്ടുകൾ സൂക്ഷിക്കാത്തതിനാൽ തനത് ഫണ്ട് വരവിനേക്കാൾ അധികം ചെലവഴിച്ചതായി കാണുന്നു.

** വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 503959 രൂപ ഉറവിടത്തിൽ കുറവ് ചെയ്തിട്ടുള്ളതാണ്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 150 | 71663841 | 101 | 33775890 | 00 | 49 | 67.33 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 216 | 340030 | 340246 | 338575 | 1671 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 00 | 11824005 | 11824005 | 11824005 | 00 |
| ആകെ | 216 | 12164035 | 12164251 | 12162580 | 1671 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 27000 | 15 |
| കർഷകതൊഴിലാളി പെൻഷൻ | 2946400 | 221 |
| വിധവാപെൻഷൻ | 5578000 | 508 |
| വാർദ്ധക്യകാലപെൻഷൻ | 7630200 | 619 |
| വികലാംഗപെൻഷൻ | 2385500 | 206 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 623400 | 57 |
| നെല്ലുൽപാദക ബോണസ്സ് | 30000 | 67 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.2.2020 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ

69631/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും മുൻകൂറായി തിയതികൾ രേഖപ്പെടുത്തി എട്ടോ പത്തോ വരികൾ ബ്ലാങ്കായി ഇട്ടുപോരുന്ന രീതിയാണ്. ഇത് ശരിയായ നടപടിയല്ല.

2.മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകുകയോ തിയതി രേഖപ്പെടുത്തി കൈപ്പറ്റ് രസീത് വാങ്ങുകയോ ചെയ്യുന്നില്ല.

3.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

4.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5.കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

6. ജോയിന്റ് വെഞ്ചർ പദ്ധതികൾക്കായി 2012-13 ൽ ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച 1700000 രൂപയിൽ 7ലക്ഷം രൂപ തൻവർഷം തന്നെ ചെലവഴിക്കപ്പെട്ടെങ്കിലും ആയത് ധനകാര്യപത്രികയിൽ ഇപ്പോഴും നീക്കിയിരിപ്പായി തുടരുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.12.19 | 11/2019 വരെ | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ് | 26.3.2011 | 2005-06 - 2009-10 | 27.4.2011 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ

കെ.എസ്.എ-ഇ.കെ.എം(പിജി) 1227/(20)/2019/ 3.8.2019നമ്പരായുള്ള ഓഡിറ്റ് സാക്ഷ്യപത്രത്തിൽ

വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

# 1-13 2017ലെ ലൈസൻസ് ഭേദഗതി ചട്ടങ്ങൾ പ്രകാരം ഫീസ് ഈടാക്കിയില്ല

2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ഭേദഗതി ചട്ടങ്ങൾ 31.10.2017ൽ നിലവിൽ വന്നിട്ടുണ്ട്. ഇതിൻ പ്രകാരം ചട്ടം 10ലെ പട്ടിക II പ്രകാരം ലൈസൻസ് ഫീസ് വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ചുമത്തിയിരുന്നത് മാറ്റി സ്ഥാപനങ്ങളെ മൂലധനത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് വിഭാഗങ്ങളായി തിരിച്ച് പരമാവധി നിശ്ചയിക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് പുതുക്കിയിട്ടുണ്ട്. എന്നാൽ, 2018-19 ലൈസൻസ് രജിസ്റ്ററും, അപേക്ഷകളും, ഫയലുകളും പരിശോധിച്ചതിൽ സ്ഥാപനങ്ങളുടെ മൂലധനനിക്ഷപം പരിശോധിച്ച് ലൈസൻസ് ഫീസ് നിശ്ചയിച്ചതിന്റെ റിപ്പോർട്ട് ആയതിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 5/25.02.2020) മേൽ ഭേദഗതി ചട്ടങ്ങൾ പ്രകാരം ചട്ടം 10ലെ പട്ടിക IIന് വിധേയമായി പരമാവധി ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസ് നിശ്ചയിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം (തീരുമാനം9/1) എടുത്തിട്ടുള്ളത് 10.07.2019ൽ മാത്രമാണ്. എന്ന് മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽപെട്ട ജനങ്ങളുടെ ജീവനോ, ആരോഗ്യത്തിനോ അപകടകരമോ, അസഹ്യകരമോ ആയേക്കാവുന്ന വ്യവസായങ്ങളെ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കുന്ന നിയമങ്ങളും, നിർദ്ദേശങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-14 സംയുക്ത പദ്ധതി - ജില്ലാ പഞ്ചായത്ത് വിഹിതം -ചെലവഴിക്കപ്പെട്ട തുക ഇപ്പോഴും നീക്കിയിരിപ്പായി തുടരുന്നു.

2018-19 ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ജില്ലാ പഞ്ചായത്തിൽ നിന്നും താഴെ പറയുന്ന പദ്ധതികൾക്കായി ലഭിച്ചിരുന്ന 2300250 രൂപയിൽ 1700000/- രൂപ 2012-2013 ൽ ലഭിച്ചിട്ടുള്ളതായി കാണുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ഏറുപുറം എസ്.സി കോളനി റോഡ്- 400000/-

2. വട്ടമുടി എസ്.സി. കോളനി റോഡ് - 300000/-

3. പാലമറ്റത്ത് വനിത വിപണനകേന്ദ്രം- 10,00,000/-

ഇതിൽ 700000/- രൂപ 18.3.2013 ൽ വൗച്ചർ നമ്പർ 145, 146/30.3.2013എന്നിവ പ്രകാരം മേൽ പദ്ധതികൾക്കായി ചെലവഴി ക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത തുക ഇപ്പോഴും ധനകാര്യ പത്രികയിൽ ചെലവഴിക്കാൻ ബാക്കിയുള്ളതായി തുടരുന്നു. മേൽ സൂചിപ്പിച്ച ആദ്യ രണ്ട്

പദ്ധതികളുടേയും തുക പ്രസ്തുത വർഷം തന്നെ ചെലവഴിക്കപ്പെടുകയും ആയതിന്റെ ചെലവ് വിവരം സുലേഖ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടും നാളിതുവരെ ജേണൽ എൻടി വരുത്തി ലയബിലിറ്റി ഹെഡ്ഡിൽ നിന്നും മാറ്റായിട്ടില്ല. ഇപ്രകാരം ചെലവഴിക്കപ്പെടുന്ന തുക യഥാസമയം ജേണൽ എൻടി വരുത്തി ചെലവ് രേഖപ്പെടുത്താത്തതിനാൽ ഇപ്പോഴും ബാധ്യതയായി നിലനിൽക്കുന്നു. നിർദ്ദിഷ്ട പദ്ധതികൾക്കായി യഥാസമയം ചെലവഴിക്കപ്പെട്ട 700000/- രൂപ 2013ൽ തന്നെ സാംഖ്യയിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി ചെലവ് രേഖപ്പെടുത്തി യിരുന്നെങ്കിൽ തനത് ഫണ്ടിലെ നീക്കിയിരിപ്പിൽ കാര്യമായ മാറ്റം പ്രതിഫലിക്കുമായിരുന്നു. ഇത് സംബന്ധിച്ചും, മേൽ സൂചിപ്പിച്ച വിധം ലഭിച്ച 10,00,000/- രൂപ പ്രസ്തുത പദ്ധതിക്കായി ചെലവഴിക്ക പ്പെട്ടിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(നം.11) ലഭ്യമാക്കിയ മറുപടിയിൽ ചെലവ് വൗച്ചറുകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 1-15 ലൈഫ് ഭവന നിർമ്മാണം-കരാർ ലംഘനം

| | |
|---|---|
| പ്രോജക്ട് | ലൈഫ് ഭവന നിർമ്മാണം(എസ്.സി)130/19 |
| നിർവ്വഹണം | വി.എ.ഒ,നാടുകാണി |
| ചെലവ് വിവരം(ബിൽ നം.തീയതി) | 1)160000/-2/18-19,29.06.18<br>2)40000/-9/18-19,29.06.18 |

ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന നിർമ്മാണത്തിനായി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നു. സ്വന്തമായി ഭൂമിയുള്ളവർക്ക് വീട് പൂർത്തീകരിക്കുന്നതിനാവശ്യമായ ധനസഹായം നൽകുന്നതിനാണ് പ്രോജക്ടിലൂടെ ലക്ഷ്യമിട്ടിരുന്നത്. ശ്രീ.വേലായുധൻ ചോതി, തക്കിരിക്കൽകുടി, കീരമ്പാറ (വാർഡ് 10) എന്ന ഗുണഭോക്താവിന് വീട് നിർമ്മിക്കുന്നതിനായി 200000/-രൂപ നൽകുകയുണ്ടായി. എന്നാൽ ഈ ഗുണഭോക്താവ് വീടിന്റെ തറപണി പൂർത്തീകരിച്ചതിനു ശേഷം സ്ഥലം മകളുടെ പേരിലേക്ക് കൈമാറുകയായിരുന്നു. ആയത് ലൈഫ് ഭവന പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. കരാർ പ്രകാരം ഈ ഗുണഭോക്താവിന് 420 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുവാനാണ് അനുമതി നൽകിയത്, എന്നാൽ 1200 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീട് ആണ് നിർമ്മിച്ചത് എന്ന് വി.ഇ.ഒ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ മേൽ ഗുണഭോക്താവ് കൈപ്പറ്റിയ 200000/-രൂപ തിരിച്ചടപ്പിക്കുന്നതിന് 23.10.2019 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 3(1) നമ്പർ തീരുമാന പ്രകാരം വി.ഇ.ഒയെ ചുമതലപ്പെടുത്തുകയുണ്ടായി. മേൽ ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.7/25.02.2020) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. മേൽ ഗുണഭോക്താവ് കൈപ്പറ്റിയ 200000/-രൂപ പലിശ സഹിതം തിരികെ ഈടാക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

# 1-16 വെള്ളക്കരം കുടിശിക – വികസന ഫണ്ട് ഉത്ഭവത്തിൽ കുറവ് ചെയ്തത് ഡിമാന്റിൽ കുറവ് ചെയ്തില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 166/19 |
| നിർവ്വഹണ | സെക്രട്ടറി |

| | |
|---|---|
| ഉദ്യോസ്ഥൻ | |
| അടങ്കൽ | 503720 വികസന ഫണ്ട് ജനറൽ |
| പ്രോജക്റ്റ് നമ്പർ | 167/19 |
| നിർവ്വഹണ ഉദ്യോസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 239 |

ഗ്രാമപഞ്ചായത്തിന്റെ വെള്ളക്കരം, കറണ്ട് ചാർജ്ജ് കുടിശ്ശിക എന്നിവ ഓഡിറ്റ് വർഷത്തെ വികസന ഫണ്ട് (പൊതുവിഭാഗം) അലോട്ട്മെന്റിൽ ഉത്ഭത്തിൽ കുറവ് ചെയ്ത തുക ക്രമീകരിക്കുന്നതിനുള്ള പ്രോജക്റ്റുകളാണിത്.

മേൽ പദ്ധതികൾ പ്രകാരം വെള്ളക്കരം കുടിശിക ഇനത്തിൽ 503720 രൂപയും കറണ്ട് ചാർജ്ജ് കുടിശികയിനത്തിൽ 239 രൂപയും പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുകയ്ക്കുള്ള രസീത് ജല അതോറിട്ടിയിൽ നിന്നും യഥാസമയം ലഭ്യമാക്കിയിട്ടില്ല. കൂടാതെ മേൽ തുക ഡിമാന്റിൽ നിന്നും കുറവ് ചെയ്ത് ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. ഇപ്രകാരം ഉത്ഭവത്തിൽ കുറവ് ചെയ്ത തുക കുടിശികയിനത്തിലാണോ പലിശയിനത്തിലാണോ കുറവ് ചെയ്തതെന്ന് വ്യക്തമാക്കുന്ന രേഖകൾ വാട്ടർ അതോറിട്ടിയിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (2/25.2.20) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം വെള്ളക്കരം കുടിശിക, കറണ്ട് ചാർജ്ജ് കുടിശിക എന്നീയിനങ്ങളിൽ വികസന ഫണ്ടിൽ നിന്നും ഉത്ഭവത്തിൽ കുറവ് ചെയ്ത തുകയ്ക്കുള്ള രസീത്, ആയത് ഡിമാന്റിൽ കുറവ് വരുത്തുന്നതിന് പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ അറിയിക്കേണ്ടതാണ്.

# 1-17 ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ.

1)

| | |
|---|---|
| പ്രോജക്റ്റ് | വയോജനങ്ങൾക്ക് കട്ടിൽ, 32/19 |
| നൽകിയ തുക | 178350(നികുതികൾ ഉൾപ്പെടെ) |
| ബിൽ നമ്പർ/തീയതി | 07/18-19,18.03.19 |

ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനു വേണ്ടി ആവിഷ്കരിച്ച പ്രോജക്റ്റാണിത്. കട്ടിൽ വാങ്ങുന്നതിനു വേണ്ടി പത്രപ്പരസ്യം നടത്തുകയും ആയതിൻ പ്രകാരം 2 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. കൊല്ലറയ്ക്കൽ സ്റ്റീറ്റ് ആർട്ട്, കോതമംഗലം, താഴത്തുവീട്ടിൽ ട്രേഡേഴ്സ്, കോതമംഗലം എന്നീ സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിക്കുകയും ചെയ്തു. എന്നാൽ ക്വട്ടേഷൻ സമർപ്പിച്ച സ്ഥാപനങ്ങൾ ഓരോ ഇനത്തിനും ക്വാട്ട് ചെയ്ത നിരക്കുകൾ വിശദമായി പരിശോധിക്കാതെയും താരതമ്യ പത്രിക തയ്യാറാക്കാതെയും കട്ടിൽ വാങ്ങിയതിലൂടെ പഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്.

2)

| | |
|---|---|
| പ്രോജക്റ്റ് | അങ്കണവാടികൾക്ക് ഫർണീച്ചർ,145/19 |
| നൽകിയ തുക,ബിൽ നമ്പർ/ തീയതി | 1)49545/-5/18-19,16.02.19<br>2)198180/-6/18-19,18.03.19 |

ഗ്രാമപഞ്ചായത്തിലെ വിവിധ അങ്കണവാടികളിൽ ഫർണീച്ചർ വാങ്ങി നൽകുന്നതിനു വേണ്ടി ആവിഷ്കരിച്ച പ്രോജക്ടാണിത്. ഫർണീച്ചർ വാങ്ങുന്നതിനു വേണ്ടി പത്രപ്പരസ്യം നടത്തുകയും ആയതിൻ പ്രകാരം 3 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. കൊല്ലറയ്ക്കൽ സ്റ്റീൽ ആർട്ട്,കോതമംഗലം, താഴത്തുവീട്ടിൽ ട്രേഡേഴ്സ്, കോതമംഗലം,ജോർജ്ജ് റബ്ബർ&ഫർണീച്ചർ, കുലയറ്റിക്കര, എറണാകുളം എന്നീ സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിക്കുകയും ചെയ്തു. എന്നാൽ ക്വട്ടേഷൻ സമർപ്പിച്ച സ്ഥാപനങ്ങൾ ഓരോ ഇനത്തിനും ക്വാട്ട് ചെയ്ത നിരക്കുകൾ വിശദമായി പരിശോധിക്കാതെയും താരതമ്യ പത്രിക തയ്യാറാക്കാതെയും കട്ടിൽ വാങ്ങിയതിലൂടെ പഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്. വിശദ വിവരങ്ങൾ ഭാഗം 3-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്

# 1-18 വെള്ളക്കരം കുടിശ്ശിക-ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല- അർഹമായ ഗ്യാപ് ഫണ്ട് അവകാശപ്പെടാനാവുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ 2020 ജനുവരിലെ വെള്ളക്കരക്കുടിശ്ശിക കേരള സംസ്ഥാന വാട്ടർ അതോരിറ്റിയുടെ 15.01.2020 ലെ ബിൽ നം 40044 പ്രകാരം 1,78,41,302/- രൂപയാണ്. മുൻ വർഷങ്ങളിലെ വെള്ളക്കരക്കുടിശ്ശിക 2018-19 ലെ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഭീമമായ തുക കുടിശികയുള്ള ഗ്രാമ പഞ്ചായത്ത് പ്രസ്തുത വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താതിരുന്നതിനാൽ അർഹമായ ഗ്യാപ് ഫണ്ട് അവകാശപ്പെടാനാവാത്ത അവസ്ഥയിലാണ്. തനത് ഫണ്ടിന്റെ വരവ് ചെലവ് വിവരങ്ങൾ സാംഖ്യ സോഫ്റ്റ് വെയറിൽ നിന്നും അപാലോഡ് ചെയ്യപ്പെടുന്നതിനാൽ ഇത്തരം പ്രധാനപ്പെട്ടതും ഭീമവുമായ തുകയുടെ ബാധ്യത ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താതെ പോകുന്നത് പഞ്ചായത്തിന് അർഹമായ തുക അവകാശപ്പെടുന്നതിന് വിഘാതമായി മാറുന്നു. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

നിലവിൽ 205പൊതുടാപ്പുകളുടെ പ്രതിമാസ വെള്ളക്കരം 89688/- രൂപയാണ്. ഇത് പഞ്ചായത്ത് കൃത്യമായി അടവാക്കുന്നില്ല. വെള്ളക്കരക്കുടിശ്ശിക തുകയും അതിന്റെ മാസന്തോറുമുള്ള പിഴപ്പലിശയുമാണ് വെള്ളക്കരക്കുടിശ്ശിക ഇത്രയും ഭീമമായ തുകയായി വർദ്ധിക്കുന്നതിന് ഇടയാക്കിയത്. 22.01.2019 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 10(1) തീരുമാന പ്രകാരം വാട്ടർ അതോറിറ്റി പരിധിയിൽ വരുന്ന പൊതുടാപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ നടത്തുവാൻ കത്ത് നല്കിയതിന്റെ അടിസ്ഥാനത്തിൽ 25.06.2019, 28.06.2019, 01.07.2019 എന്നീ തീയതികളിലായി നടത്തിയ ജോയിന്റ് വെരിഫിക്കേഷനിലാണ് നിലവിൽ പഞ്ചായത്തിൽ 205 പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾ കണ്ടെത്തിയത്. മേൽ വിവരിച്ച പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ ഈ കുടിശ്ശികത്തുക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്താതിരുന്നതിന് വിശദീകരണം നല്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 26.02.2020 ൽ നല്കിയ 13-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ഈ തുക വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തേണ്ടതും, ബാക്കിത്തുക അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്

# 1-19 ജൈവ വളം വിതരണം ചെയ്തതിലെ

# അപാകതകൾ

| | |
|---|---|
| പ്രോജക്ട് | 91/19, വാഴകൃഷി വ്യാപനം (എസ് സി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ തുക | 123000 |
| ചെലവ് തുക | 123000/- ബിൽ നമ്പർ 1/18-19/ 16.01.2019 |

മേൽ പ്രോജക്ടിൽ 5 ഗുണഭോക്താക്കൾക്ക് വാഴകൃഷിയ്ക്ക് ആവശ്യമായ ജൈവ വളം വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. വളം വിതരണം ചെയ്യുന്നതിനായി മാത്രം ഇത്തരത്തിൽ പ്രോജക്ട് നടപ്പാക്കുന്നത് ശരിയായ നടപടിയല്ല എന്ന് മാർഗരേഖയിൽ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുള്ളതാണ്. വളം വിതരണം ചെയ്യുന്നതിന് മാത്രമായി പ്രോജക്ട് നടപ്പിലാക്കാതെ കാർഷിക മേഖലയിലെ പുതിയ മാറ്റങ്ങൾക്ക് അനുസൃതമായും, മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളതു പ്രകാരവും പ്രോജക്ട് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതിനു പകരം ആയതിൽ നിന്നും വ്യതിചലിച്ച് പ്രോജക്ട് നടപ്പാക്കിയത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.9/25.02.2020) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. വളം വിതരണം ചെയ്യുന്നതിന് മാത്രമായി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കുന്നത് ശരിയായ നടപടിയല്ല. ഇത്തരത്തിലുള്ള അപാകതകൾ പരിഹരിച്ച് പദ്ധതികൾ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-20 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സമയ ബന്ധിതമായി അനുവദിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ജി.ഒ.(പി)/നം/105/2002 ഉത്തരവ് പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനുകളിന്മേൽ പെൻഷൻ അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീരുമാനമെടുത്ത് അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതുണ്ട്. എന്നാൽ താഴെ പറയുന്ന വിവിധ പെൻഷനുകളിന്മേൽ സമയ പരിധി കഴിഞ്ഞാണ് അപേക്ഷ അനുവദിച്ചത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പെൻഷനുകൾ | അപേക്ഷകരുടെ എണ്ണം | സമയ പരിധിക്കുള്ളിൽ അനുവദിച്ചവയുടെ എണ്ണം | സമയ പരിധി കഴിഞ്ഞ് അനുവദിച്ചവയുടെ എണ്ണം | നിരസിച്ചവയുടെ എണ്ണം |
|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 90 | 0 | 77 | 13 |
| അഗതി പെൻഷൻ | 22 | 6 | 14 | 2 |
| വികലാംഗ പെൻഷൻ | 5 | 4 | 1 | 0 |
| കർഷക തൊഴിലാളിപെൻഷൻ | 4 | 1 | 2 | 1 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 4 | 1 | 2 | 1 |

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സമയ ബന്ധിതമായി അനുവദിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം.8/25.02.2020)സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർ സമയബന്ധിതമായി അന്വേഷിച്ച് റിപ്പോർട്ട് നൽകാത്തത് കാരണമാണ് കൃത്യമായിട്ട് വിതരണം ചെയ്യുവാൻ സാധിക്കാതിരുന്നത് എന്ന് വ്യക്തമാക്കുകയുണ്ടായി. സാമൂഹ്യ സുരക്ഷാപെൻഷനുകൾ കൃത്യമായിട്ട് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-21 ശുചിത്വമിഷൻ -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

ജില്ല ശുചിത്വമിഷൻ കോർഡിനേറ്ററുടെ 19.05.2019 ലെ സർക്കാർ ഉത്തരവ് നം 67/ഡി/18 എറണാകുളം/എസ്.എം പ്രകാരം കീരംപാറ ഗ്രാമപഞ്ചായത്തിന്റെ സാനിട്ടേഷൻ ചെലവിനത്തിൽ ഓരോ വാർഡിനും 10000/- രൂപ അനുവദിക്കുന്നതിനായി 130000/-രൂപ അനുവദിച്ചിരുന്നു.ആയത് 30.10.2018ലെ 532889ാം നമ്പർ ചെക്ക് പ്രകാരം മെഡിക്കൽ ഓഫീസർ, കീരംപാറക്ക് നല്കിയിട്ടുണ്ട്. ആയതിന്റെ ചെലവ് വിവരവും വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് 26.02.2020 ൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ തുക ചെലവഴിച്ചതിന്റെ ചെലവ് വൗച്ചറും വിനിയോഗസാക്ഷ്യപത്രവും ഹാജരാക്കുന്നത് വരെ ഇതിനായി ചെലവഴിച്ച 130000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-22 വികസന ഫണ്ട് നിയമാനുസൃതമല്ലാതെ ചെലവഴിച്ചത് സംബന്ധിച്ച്.

1)

| | |
|---|---|
| പ്രോജക്ട് നം,പേര് | എസ് 106/19 വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം |
| ബില്ല് നം, തീയതി, ചെലവ് | 01/18-19 തീ.22.11.2018, 57397/-<br>04/18-19 തീ.19.03.2018, 74250/- |
| അടങ്കൽ, ഫണ്ട് | 177800, 131647 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്, പാലമറ്റം |

2)

| | |
|---|---|
| പ്രോജക്ട് നം,പേര് | എസ് 106/19 വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം (എസ്.റ്റി) |
| ബില്ല് നം, തീയതി, ചെലവ് | 02/18-19 തീ.22.11.2018, 20799/- |
| അടങ്കൽ, ഫണ്ട് | 75000, 20799/- |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്, പാലമറ്റം |

പാലമറ്റം ഗവൺമെന്റ് എൽ.പി.എസ്, പുന്നേക്കാട് ഗവൺമെന്റ് എൽ.പി.എസ് എന്നീ സ്കൂളിലെ മേൽ സൂചിത പ്രോജക്ട് പ്രകാരം വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നല്കിയിട്ടുണ്ട്. മേൽ പ്രോജക്ട് നിർവ്വഹിച്ചിട്ടുള്ളത് വികസന ഫണ്ട് (പൊതുവിഭാഗം) ഉപയോഗിച്ച് 131647/-രൂപയുടേയും, എസ്.സി

വിദ്യാർത്ഥികൾക്ക് എസ്.സി ഫണ്ട് ഉപയോഗിച്ച് 20799/-രൂപയുടേയും ചെലവ് ഹെഡ്മിസ്ട്രസ്, പാലമറ്റം വഴി പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. നിലവിൽ വികസന ഫണ്ട് ഉപയോഗിച്ച് ഇത്തരത്തിലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ പാടില്ലായെന്നിരിക്കെ ഈ പ്രോജക്ട് നടപ്പിലാക്കിയതിന് വിശദീകരണം നല്കേണ്ടതാണ് എന്നാവശ്യപ്പെട്ട് 26.02.2020 ൽ നല്കിയ 16-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിൽ ഇതിന് വ്യക്തമായ മറുപടി ലഭ്യമാക്കുന്നത് വരെ ഇതിനായി ചെലവഴിച്ച 152446/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-23 ജി.എസ്.ടി അധികമായി അടവാക്കി.

| | |
|---|---|
| പ്രോജക്ട് | അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി,3/19 |
| ചെലവ് | 1) 377836/-<br>(ബിൽ നം 1/18-19,തീയതി 27.09.18) |
| നിർവഹണോദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |

ഗ്രാമപഞ്ചായത്തിലെ വിവിധ അങ്കണവാടികളിൽ പോഷകാഹാരം വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. അതനുസരിച്ച് കേരള സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീരമ്പാറ ഔട്ട് ലെറ്റിൽ നിന്നും പലവ്യഞ്ജനങ്ങളും,ടി എച്ച് ആർ എസ് ഭക്ഷ്യധാന്യം വെങ്ങോലയിലുള്ള കോമൺ ഫെസിലിറ്റി സെന്ററിൽ നിന്നുമാണ് വാങ്ങിയത്. ടി എച്ച് ആർ എസ് ഭക്ഷ്യധാന്യത്തിന് കിലോഗ്രാമിന് ജി.എസ്.ടി(5%) ഉൾപ്പെടെ 73.50/-രൂപ നൽകേണ്ടതിന് പകരം 83/-(ജി.എസ്.ടി 18% ഉൾപ്പെടെ) രൂപയാണ് നൽകിയത്. 2018-19 സാമ്പത്തിക വർഷം 5% നിരക്കിലാണ് ജി.എസ്.ടി ഈടാക്കിയിട്ടുള്ളതെങ്കിലും, 2017-18 സാമ്പത്തിക വർഷം ടി എച്ച് ആർ എസ് ഭക്ഷ്യധാന്യം നൽകിയ തുകയിന്മേൽ 18% ജി.എസ്.ടി ചേർത്ത് 2018-19 ൽ കോമൺ ഫെസിലിറ്റി സെന്ററിന് കൊടുക്കുകയാണ് ചെയ്തത്. കേരള സർക്കാർ ടാക്സ് വകുപ്പിന്റെ ജി.ഒ(പി)നം.62/17/ടാക്സസ് തീയതി 30.06.2017 ഉത്തരവ് പ്രകാരം അമൃതം ഉൾപ്പെടെയുള്ള ബേബിഫുഡിന് നൽകേണ്ട ജി.എസ്.ടി 5% ആയി നിർണ്ണയിച്ചിട്ടുള്ളതാണ്. ബേബിഫുഡിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള 5% ജി.എസ്.ടിയ്ക്ക് പകരം 18% ജി.എസ്.ടി നൽകിയത് ശരിയായ നടപടിയല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| മാസം | കോമൺ ഫെസിലിറ്റിസെന്ററിന് ടി എച്ച് ആർ എസ് വിതരണം ചെയ്തപ്പോൾ നൽകിയ തുക | ജി എസ് ടി ഇനത്തിൽ നൽകിയ തുക(18%) | ജി എസ് ടി ഇനത്തിൽ നൽകാവുന്ന തു ക(5%)) | അധികമായി നൽകിയ തുക |
|---|---|---|---|---|
| ജൂലൈ/2017 | 21630(309 kg) @₹70/- | 3893 | 1081 | 2812 |
| ഓഗസ്റ്റ്/2017 | 26040(372 kg) „ | 4687 | 1302 | 3385 |
| സെപ്റ്റംബർ/2017 | 26040(372 kg) „ | 4687 | 1302 | 3385 |
| ഒക്ടോബർ/2017 | 22680(324 kg) „ | 4082 | 1134 | 2948 |
| ആകെ | | | | 12530 |

ജി എസ് ടി അധികമായി നൽകിയതിന് വിശദീകരണം നൽകേണ്ടതും ടി സ്ഥാപനം ജി.എസ്.ടി. തുക ബന്ധപ്പെട്ട വകുപ്പിൽ അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടതിന്(ഓഡിറ്റ് എൻക്വയറി നം.4/25.02.2020)ലഭിച്ച മറുപടിയിൽ സർക്കാർ ഉത്തരവ്

പ്രകാരമാണ് തുക നൽകിയത് എന്ന വ്യക്തമാക്കുകയുണ്ടായി. സർക്കാർ ഉത്തരവ് ശരിയായി മനസ്സിലാക്കാതിരുന്നത് കാരണമാണ് ഇത്തരത്തിൽ അപാകത സംഭവിച്ചത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അധികമായി അടവാക്കിയ തുകയായ 12530/- അടുത്ത ബില്ലിൽ ക്രമീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

# 1-24 എസ്.എസ്.എ.പ്രോജക്ട്- അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം/ പേര് | 1/19, എസ്.എസ്.എ. പഞ്ചായത്ത് വിഹിതം |
| അടങ്കൽ | വികസന ഫണ്ട് (പൊതു വിഭാഗം)- 553250 |
| ചെലവ് | ബിൽ നം . 09/18-19/26.06.18- 553250 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

29.01.18 ലെ സർക്കാർ ഉത്തരവ്(കൈ)നം.11/ 2018/ ത.സ്വ.ഭ.വ-7.6 വിദ്യാഭ്യാസം (3)പ്രകാരം എസ്.എസ്.എ. പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനം മുഖ്യ പങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം വിശദാംശങ്ങൾ തയ്യാറാക്കി ബ്ലോക്ക് പ്രോഗ്രാം ഓഫീസറെ അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വിദ്യാഭ്യാസം, കല, സംസ്കാരം, യുവജനകാര്യം വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സ് പരിശോധിച്ചതിൽ നിന്ന് പ്രോജക്ട് മോണിട്ടർ ചെയ്തിട്ടില്ലായെന്ന് കാണുന്നു. പ്ലാൻ ഔട്ട് ലേയുടെ 40% ആണ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വിഹിതം. ഈ വിഹിതമായ 553250/-രൂപ കോതമംഗലം ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് നൽകിയിട്ടുണ്ട്. 553250/-രൂപയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ നൽകിയിട്ടില്ല. മേൽ തുക ചെലവഴിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.17/25.02.2020) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. 553250/-രൂപ ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

# 1-25 സോഷ്യോ ഇക്കണോമിക് യൂണിറ്റിന്റെ ബയോഗ്യാസ് യൂണിറ്റ് വിതരണം-അപാകത

| | |
|---|---|
| പ്രോജക്ട് | 1)ഗാർഹിക ബയോഗ്യാസ് പ്ലാന്റ്(ജനറൽ)125/19,<br>2)ഗാർഹിക ബയോഗ്യാസ് പ്ലാന്റ്(എസ്.സി)124/19 |
| നിർവ്വഹണം | വി.എ.ഒ, നാട്ടുകാണി |
| ചെലവ് വിവരം | 1)15000/-1/18-19,29.06.18<br>2)20250/-3/18-19,29.06.18 |

ഗ്രാമപഞ്ചായത്തിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിനായി 2018-19 സാമ്പത്തിക വർഷം ഗാർഹിക ബയോഗ്യാസ് പ്ലാന്റ് എന്ന പേരിൽ 2 പ്രോജക്ടുകൾ ആവിഷ്കരിച്ചിരുന്നു. വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രസ്തുത പ്രോജക്റ്റുകൾ വഴിയായി 1 $M^3$ അളവിലുള്ള 5 യൂണിറ്റുകൾ വിതരണം നടത്തുവാൻ വിഭാവനം ചെയ്തിരുന്നു. 2018-19ൽ 5 ഗുണഭോക്താക്കൾക്ക് 1$M^3$ അളവിലുള്ള ബയോഗ്യാസ് പ്ലാന്റ് 13500/- നിരക്കിലും വിതരണം നടത്തി. സോഷ്യോ എക്കണോമിക്

യൂണിറ്റ്, ആലുവ എന്ന സ്ഥാപനത്തിന് ഈയിനത്തിൽ ആകെ 67500/- രൂപ താഴെ പറയും പ്രകാരം നൽകി.

സ്ഥാപനം തുക കൈപ്പറ്റിയതിന്റെ വിവരങ്ങൾ

| ഇൻവോയ്സ് നം/തീയതി | തുക |
|---|---|
| SEUSF/EKM/INV/17-18/165/21.03.18 | 67500 |
| ആകെ | 67500 |

നൽകിയ ബിൽ തുകകളിൽ ആകെ 3214/-രൂപ CGST, SGST ഇനങ്ങളിൽ സോഷ്യോ എക്കണോമിക് യൂണിറ്റ്, ആലുവയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇവർ ഗ്രാമപഞ്ചായത്തിന് ഒറിജിനൽ ബില്ല് ലഭ്യമാക്കിയിട്ടില്ല. ഹാജരാക്കുന്ന ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. ഈ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ള GSTIN 32AACTSO303EIZA എന്ന നമ്പറിന്റെ ആധികാരികതയിൽ അവ്യക്തതയുണ്ട്. (GST വകുപ്പിന്റെ സൈറ്റിൽ search ചെയ്തതിൽ, ഈ നമ്പർ നിലവിലില്ല എന്ന വിവരമാണ് ലഭ്യമായത്). ഏജൻസികൾ ഹാജരാക്കുന്ന ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിന് പകരം ഒറിജിനൽ ബില്ല് ലഭ്യമാക്കിയെങ്കിൽ ആയതിന്റെ വിവരവും, ടാക്സ് ഇനത്തിൽ മേൽ സ്ഥാപനം ഈടാക്കിയ തുക അവർ അതാത് വകുപ്പിലേക്ക് അടവാക്കിയെന്ന് ഉറപ്പാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി(6/25.02.2020)മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ഏജൻസികൾ ഹാജരാക്കുന്ന ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിന് പകരം ഒറിജിനൽ ബില്ല് ലഭ്യമാക്കുവാൻ സ്ഥാപനങ്ങളോട് നിർദ്ദേശിക്കേണ്ടതാണ്. ടാക്സ് ഇനത്തിൽ വിവിധ സ്ഥാപനങ്ങൾ ഈടാക്കുന്ന തുകകൾ അവർ വകുപ്പിലേക്ക് അടവാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന്, അവർ ലഭ്യമാക്കുന്ന ബില്ലുകളിലെ GST നമ്പറുകളുടെ ആധികാരികത പരിശോധിക്കുന്നത് ഉചിതമായിരിക്കും.

# 1-26 നാടുകാണി ചേറ്റുകണ്ടം റോഡ് സൈഡ് വാൾ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 59/19 |
| പ്രോജക്ടിന്റെ പേര് | നാടുകാണി ചേറ്റുകണ്ടം റോഡ് സൈഡ് വാൾ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 300000 വികസന ഫണ്ട് ജനറൽ |
| കരാറുകാരൻ | കെ.പി.കുര്യാക്കോസ് 18.8% കുറവ് |
| ബിൽ നമ്പർ | 24/18-19/ 31.12.18, 230158 |

മേൽ പദ്ധതിയുടെ ഒന്നാമിനമായി എർത്ത് വർക്ക് എസ്കവേഷൻ 156.10x0.60x0.30 അളവിലും ഈ അളവിൽ തന്നെ ഫൗണ്ടേഷന് വേണ്ടി രണ്ടാമിനമായി ഡി.ആർ മേസണറി പ്രവത്തിയും ചെയ്തിട്ടുണ്ട്. എന്നാൽ ഫൗണ്ടേഷന് മീതെ സൂപ്പർ സ്ട്രക്ചർ പ്രവൃത്തി 182.70x 0.50x(0.60+0.65)/2 എന്ന അളവിൽ ഫൗണ്ടേഷൻ ചെയ്തതിനേക്കാൾ കൂടുതൽ നീളത്തിൽ (26.60മീറ്റർ അധികം), (ഫൗണ്ടേഷൻ ഉൾപ്പെടെ) 87.091$m^3$ ചെയ്തത് മൂലം നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ ഭാഗം 3-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-27 എസ്.സി. വിപണനകേന്ദ്രം- വാട്ടർ കണക്ഷൻ -അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 47/19 |
| ഡെപ്പോസിറ്റ് വർക്ക് - കേരള വാട്ടർ അതോറിട്ടി | എസ്.സി. വിപണനകേന്ദ്രം- വാട്ടർ കണക്ഷൻ |
| നിർവ്വഹണ ഉദ്യോസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 25000 വികസന ഫണ്ട് ജനറൽ |
| ചെലവ് | 20200 |
| ബിൽ നമ്പർ | 9/18-19/ 8.2.19 |

മേൽ പദ്ധതി നടത്തിപ്പിനായി വാട്ടർ അതോറിട്ടി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം സെന്റേജ് ചാർജ്ജ് ഉൾപ്പെടെ ആകെ 20200രൂപ കണക്കാക്കിയിരുന്നതിനെ തുടർന്ന് മേൽ ബിൽ പ്രകാരം 20200 രൂപ മുൻകൂറായി വാട്ടർ അതോറിട്ടിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് 22.2.2020ൽ വാട്ടർ അതോറിട്ടി നൽകിയ വിനിയോഗ സാക്ഷ്യപത്രം അനുസരിച്ച് 19957 രൂപ മാത്രമേ പ്രസ്തുത പ്രവൃത്തിക്കായി ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കാതെ നീക്കിബാക്കി നിൽക്കുന്ന 243 രൂപ ക്രമപ്പെടുത്തുന്നതിനോ തിരികെ ഈടാക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (10/25.2.20) അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# 1-28 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി- നിർവ്വഹണത്തിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷം അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | കുരിയിലപ്പാറ തായ് മഠം റോഡ് കോൺക്രീറ്റിംഗ്, വാർഡ് 2 | കുരുന്നപ്പിള്ളി കളപ്പുരപ്പടി പാറേക്കണ്ടം നടപ്പാത കോൺക്രീറ്റിംഗ്, വാർഡ് 5 | മഞ്ഞയിൽ കോളനി റോഡ് കോൺക്രീറ്റിംഗ്, വാർഡ് 10 | മാടശ്ശേരി റോഡ് കോൺക്രീറ്റിംഗ്, വാർഡ് 3 |
|---|---|---|---|---|
| മെറ്റൽ മുതലായവ വിതരണം ചെയ്ത കരാറുകാരൻ | ശ്രീ.ബിനു കെ ജോർജ്ജ് | ശ്രീ.ബിനു കെ ജോർജ്ജ് | ശ്രീ.ബിനു കെ ജോർജ്ജ് | ശ്രീ.ബിനു കെ ജോർജ്ജ് |
| അളവ് പുസ്തകം | 170/18-19 | 173/18-19 | 171/18-19 | 172/18-19 |
| സ്റ്റാക്ക് ചെയ്ത 40mmമെറ്റലിന്റെ അളവ് | 14.472m$^3$ | 25.347m$^3$ | 13.87m$^3$ | 15.4m$^3$ |
| മെറ്റൽ മുതലായ സാധനങ്ങൾ സപ്ലൈ ചെയ്തതിന് നൽകിയ തുക | 143639 | 151093 | 137585.50 | 152841 |
| വേതനമിനത്തിൽ | 32884(FTO | 38010(FTO 12025) | 31371(FTO | 36994(FTO |

| | | | | |
|---|---|---|---|---|
| നൽകിയ തുക | 12024) | | 12026) | 12027) |
| ആകെ | 176523 | 189103 | 168956.50 | 189835 |

1)ക്വട്ടേഷൻ ക്ഷണിക്കാതെ മെറ്റീരിയൽസ് വാങ്ങി

ഗ്രാമപഞ്ചായത്തിലെ വിവിധ ഗുണഭോക്താക്കൾക്ക് ആട്ടിൻകൂട്, കമ്പോസ്റ്റ് പിറ്റ്, ടോയ്‌ലറ്റ് എന്നിവ നിർമ്മിക്കുന്നതിനായി സിമന്റ് കട്ടകൾ, സിമന്റ് മുതലായവ സെന്റ് ആന്റണീസ് സിമന്റ് ബ്രിക്സ്&പ്രൊഡക്ട്സ്, പുന്നേക്കാട്, കീരമ്പാറ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രോക്യുർമെന്റ് മാന്വൽ ഖണ്ഡിക 2.5 പ്രകാരം ആവശ്യമുള്ള ഒരേയിനം സാധനങ്ങളുടെ അളവുകൾ കൂട്ടിച്ചേർത്ത് ഒറ്റ ക്വട്ടേഷൻ/ടെണ്ടർ ക്ഷണിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി മേൽ പ്രവൃത്തികൾക്ക് ആവശ്യമുള്ള സാധനങ്ങൾ എല്ലാം ഒന്ന് തന്നെ ആണെങ്കിലും (സിമെന്റ്, സിമന്റ് കട്ടകൾ) പ്രത്യേകമായി ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ചിട്ടില്ല. ഇത് മത്സരാധിഷ്ഠിത നിരക്കുകൾ ലഭിക്കുന്നതിന് വിഘാതമാവുന്നുണ്ട്. മേൽ അപാകതകൾ വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി(നം.18/28.02.2020) മുഖേന ആവശ്യപ്പെട്ടതിന്,അപാകതകൾ ആവർത്തിക്കാതരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സി.പി.ഡബ്ല്യൂ.ഡി. സ്പെസിഫിക്കേഷൻ 16.12 പ്രകാരം വോയിഡ്സ് 7.5% കുറവു ചെയ്ത് പ്രവൃത്തി നടപ്പാക്കേണ്ടതാണ്. അതോടൊപ്പം ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ച് മെറ്റീരിയൽസ് വാങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വരവ് കണക്കുകളിലെ നിരീക്ഷണങ്ങൾ

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ടെണ്ടറിംഗ് നടപടിയിലെ അപാകത മൂലം അധികം തുക നൽകി.

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിൽ അപാകതയുണ്ട്.

1)

| | |
|---|---|
| പ്രോജക്ട് | വയോജനങ്ങൾക്ക് കട്ടിൽ, 32/19 |
| നൽകിയ തുക | 178350(നികുതികൾ ഉൾപ്പെടെ) |
| ബിൽ നമ്പർ/തീയതി | 07/18-19,18.03.19 |

ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനു വേണ്ടി ആവിഷ്കരിച്ച പ്രോജക്ടാണിത്. കട്ടിൽ വാങ്ങുന്നതിനു വേണ്ടി പത്രപ്പരസ്യം നടത്തുകയും ആയതിൻ പ്രകാരം 2 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. കൊല്ലറയ്ക്കൽ സ്റ്റീറ്റ് ആർട്ട് കോതമംഗലം, താഴത്തുവീട്ടിൽ ട്രേഡേഴ്സ് കോതമംഗലം എന്നീ സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിക്കുകയും ചെയ്തു. എന്നാൽ ക്വട്ടേഷൻ സമർപ്പിച്ച സ്ഥാപനങ്ങൾ ഓരോ ഇനത്തിനും ക്വാട്ട് ചെയ്ത നിരക്കുകൾ വിശദമായി പരിശോധിക്കാതെയും താരതമ്യ പത്രിക തയ്യാറാക്കാതെയും കട്ടിൽ വാങ്ങിയതിലൂടെ പഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്. ടെണ്ടർ സമർപ്പിച്ച താഴത്തുവീട്ടിൽ ട്രേഡേഴ്സ്, കോതമംഗലം എന്ന സ്ഥാപനം ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തതിനാൽ ടെണ്ടർ നിരസിച്ചിട്ടുണ്ട്. കൊല്ലറയ്ക്കൽ സ്റ്റീറ്റ് ആർട്ട്, കോതമംഗലം എന്ന സ്ഥാപനം ക്വാട്ട് ചെയ്ത നിരക്കിൽ എസ്റ്റിമേറ്റ് തുകയേക്കാൾ 2% കുറവാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ 2% കുറവ് രേഖപ്പെടുത്തിയത് ശ്രദ്ധിക്കാതെ കരാറുകാരൻ ഹാജരാക്കിയ ബില്ല് പ്രകാരമുള്ള തുക നൽകുകയാണ് ചെയ്തത്. ആകെ 41 കട്ടിലുകൾ വാങ്ങി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ഇനം | കൊല്ലറയ്ക്കൽ സ്റ്റീറ്റ് ആർട്ട്, കോതമംഗലം രേഖപ്പെടുത്തിയ നിരക്ക്/തുക | 2% കിഴിച്ച് കരാറുകാരന് നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|
| കട്ടിൽ | 4300x41=176300 | 172774(176300x2%=3526) | |
| ആകെ | | | 3526 |

2)

| | |
|---|---|
| പ്രോജക്ട് | അങ്കണവാടികൾക്ക് ഫർണീച്ചർ,145/19 |
| നൽകിയ തുക,ബിൽ നമ്പർ/തീയതി | 1)49545/-5/18-19,16.02.19<br>2)198180/-6/18-19,18.03.19 |

ഗ്രാമപഞ്ചായത്തിലെ വിവിധ അങ്കണവാടികളിൽ ഫർണീച്ചർ വാങ്ങി നൽകുന്നതിനു വേണ്ടി ആവിഷ്കരിച്ച പ്രോജക്ടാണിത്. ഫർണീച്ചർ വാങ്ങുന്നതിനു വേണ്ടി പത്രപ്പരസ്യം നടത്തുകയും ആയതിൻ പ്രകാരം 3 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. കൊല്ലറയ്ക്കൽ സ്റ്റീറ്റ് ആർട്ട് കോതമംഗലം, താഴത്തുവീട്ടിൽ ട്രേഡേഴ്സ് കോതമംഗലം, ജോർജ്ജ് റബ്ബർ&ഫർണീച്ചർ കുലയറ്റിക്കര,എറണാകുളം എന്നീ സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിക്കുകയും ചെയ്തു. എന്നാൽ ക്വട്ടേഷൻ സമർപ്പിച്ച സ്ഥാപനങ്ങൾ ഓരോ ഇനത്തിനും ക്വാട്ട് ചെയ്ത നിരക്കുകൾ വിശദമായി പരിശോധിക്കാതെയും താരതമ്യ പത്രിക തയ്യാറാക്കാതെയും ഫർണിച്ചർ വാങ്ങിയതിലൂടെ പഞ്ചായത്തിന് അധിക ചെലവുണ്ടായിട്ടുണ്ട്. ടെണ്ടർ സമർപ്പിച്ച താഴത്തുവീട്ടിൽ ട്രേഡേഴ്സ് കോതമംഗലം, ജോർജ്ജ് റബ്ബർ&ഫർണീച്ചർ കുലയറ്റിക്കര, എറണാകുളം എന്നീ സ്ഥാപനങ്ങൾ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തതിനാൽ ടെണ്ടർ നിരസിച്ചിട്ടുണ്ട്. കൊല്ലറയ്ക്കൽ സ്റ്റീറ്റ് ആർട്ട്, കോതമംഗലം എന്ന സ്ഥാപനം ക്വാട്ട് ചെയ്ത(ബെഞ്ച് 2055/-രൂപ) നിരക്കിന്മേൽ നെഗോഷ്യേറ്റ് ചെയ്ത് ബെഞ്ചിന് 55/-രൂപ കുറവിലാണ് കരാർ വെച്ചിരുന്നത്. എന്നാൽ ആയത് ശ്രദ്ധിക്കാതെ കരാറുകാരൻ ഹാജരാക്കിയ ബില്ല് പ്രകാരമുള്ള തുകയാണ് ബെഞ്ച് വാങ്ങിയതിന് നൽകിയിട്ടുള്ളത്. ആകെ 36 ബെഞ്ചുകളാണ് വാങ്ങിയത്. വിശദവിവരം താഴെ ചേർക്കുന്നു.

| ഇനം | കൊല്ലറയ്ക്കൽ സ്റ്റീറ്റ് ആർട്ട്,കോതമംഗലം രേഖപ്പെടുത്തിയ നിരക്ക്/നൽകാവുന്ന തുക | കരാറുകാരന് നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|
| ബെഞ്ച് | 2000x36=72,000/- | 73980/-(2055x36) | |
| ആകെ | | | 1980/- |

മേൽപ്പറഞ്ഞ പ്രകാരം തുക അധികമായി നൽകിയതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി മുഖേന(നം.1/24.02.2020)ആവശ്യപ്പെട്ടതിന് അശ്രദ്ധ കാരണം സംഭവിച്ചതാണെന്ന് വ്യക്തമാക്കുകയുണ്ടായി. ആയതിനാൽ അധികമായി നൽകിയ 5506/-(3526+1980)രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-2 നാടുകാണി ചേറ്റുകണ്ടം റോഡ് സൈഡ് വാൾ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 59/19 |
| പ്രോജക്ടിന്റെ പേര് | നാട്ടുകാണി ചേറ്റുകണ്ടം റോഡ് സൈഡ് വാൾ |
| നിർവ്വഹണ ഉദ്യോസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 300000 വികസന ഫണ്ട് ജനറൽ |
| കരാറുകാരൻ | കെ.പി.കുര്യാക്കോസ് 18.8% കുറവ് |
| ബിൽ നമ്പർ | 24/18-19/ 31.12.18, 230158 |

മേൽ പദ്ധതിയുടെ ഒന്നാമിനമായി എർത്ത് വർക്ക് എസ്കവേഷൻ 156.10x0.60x0.30 അളവിലും ഈ അളവിൽ തന്നെ ഫൗണ്ടേഷന് വേണ്ടി രണ്ടാമിനമായി ഡി.ആർ മേസണറി പ്രവത്തിയും ചെയ്തിട്ടുണ്ട്. എന്നാൽ ഫൗണ്ടേഷന് മീതെ സൂപ്പർ സ്ട്രക്ചർ പ്രവൃത്തി 182.70x 0.50x(0.60+0.65)/2 എന്ന അളവിൽ ഫൗണ്ടേഷൻ ചെയ്തതിനേക്കാൾ കൂടുതൽ നീളത്തിൽ (26.60മീറ്റർ അധികം), (ഫൗണ്ടേഷൻ ഉൾപ്പെടെ) 87.091$m^3$ ചെയ്തതായി കാണുന്നു.ആയത് 86.40m3 ൽ പരിമിതപ്പെടുത്തി 2803.71/$m^3$ നിരക്കിൽ മൂല്യ നിർണ്ണയം നടത്തിയിട്ടുണ്ട്. അതുപോലെ മൂന്നാമിനമായി 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് (വിയറിംഗ് കോട്ട്), ഫൗണ്ടേഷനേക്കാൾ കൂടുതലായി 182.70x 0.50x0.05 എന്ന അളവിൽ 4.568$m^3$ ചെയ്തതിട്ടുണ്ട്. ആയത് 4.5$m^3$ൽ പരിമിതപ്പെടുത്തി തുക നൽകിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച വിധം ഫൗണ്ടേഷൻ ചെയ്തതിനേക്കാൾ കൂടുതലായി സൂപ്പർ സ്ട്രക്ചർ ചെയ്ത 26.6x0.50x(0.60+0.65)/2=8.31$m^3$ൽ മൂല്യനിർണ്ണയം നടത്തിയപ്പോൾ കുറവ് ചെയ്ത 0.691$m^3$ കിഴിച്ച് 7.619$m^3$ ന് 2803.71/$m^3$ നിരക്കിൽ 21361/-രൂപ അധികം നൽകിയിട്ടുണ്ട്.

അതുപോലെ ഫൗണ്ടേഷൻ ചെയ്തതിനേക്കാൾ കൂടുതൽ നീളത്തിൽ വിയറിംഗ് കോട്ട് ചെയ്ത (26.6x0.5x0.05), 0.665$m^3$ൽ മൂല്യനിർണ്ണയം നടത്തിയപ്പോൾ പരിമിതപ്പെടുത്തിയ 0.068$m^3$കിഴിച്ച് 0.597$m^3$ന് 8008.03/$m^3$ നിരക്കിൽ 4780/- രൂപ അധികം നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ചവിധം ആകെ അധികം നല്ലകിയ 26141/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (14/25.02.20) മറുപടി ലഭ്യമാക്കിയില്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കിലെ അപാകതകൾ

ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ടിട്ടില്ലാത്തതും പരിഹരിച്ചിട്ടില്ലാത്തതുമായ അപാകതകൾ താഴെ ചേർക്കുന്നു.

1. 2012-13ൽ സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായ 17ലക്ഷം രൂപയിൽ 7ലക്ഷം രൂപ 12-13ൽ തന്നെ ചെലവഴിക്കപ്പെട്ടെങ്കിലും ഇപ്പോഴും ചെലവഴിക്കപ്പെടാത്ത തുകയായി ധനകാര്യ പത്രികയിൽ തുടരുന്നു.

2. ഒരു കോടി 78ലക്ഷത്തോളം വരുന്ന വെള്ളക്കരം കുടിശിക ബാധ്യതയായി ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1500000 | ഭവന നിർമ്മാണം പട്ടികജാതി | 972875 | 527125 |
| | | 976500 | ലൈഫ് പദ്ധതി | 976500 | 00 |
| | | 100000 | ശാരീരിക മാനസിക വെല്ലുവിളി-സ്കോളർഷിപ്പ് | 100000 | 00 |
| | | 75000 | അംഗനവാടി പോഷകാഹാരം | 75000 | 00 |
| | | 158520 | ലൈഫ് എസ്.സി | 00 | 158520 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1500000 | ലൈഫ് ജനറൽ | 1500000 | 00 |
| | | 180250 | ശാരീരിക മാനസിക വെല്ലുവിളി-സ്കോളർഷിപ്പ് | 180250 | 00 |

.

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ചെക്ക് നം. | | | |
| കേരള വാട്ടർ അതോറിട്ടി | എസ്.സി. വിപണനകേന്ദ്രം-വാട്ടർ കണക്ഷൻ | ബിൽ നമ്പർ 9/18-19/ 8.2.19 | 20200 | 00 | 20200 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

# 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് (KURDFC) | GO(Ms)68/2018/LSGD/ 18.5.2018 | 3393325 | 00 | 00 | 00 | 3393325* |
| ഇ.എം.എസ്. | GO(Rt)315/2010/LSGD/ 28.01.2010 | | 2089174 | 508000 | 00 | 1581174 |

*തിരിച്ചടവ് കാലയളവ് ആരംഭിച്ചിട്ടില്ല.

# 4-6 സ്ഥിര നിക്ഷേപം

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

തൻ വർഷം ഈയിനത്തിൽ വരവൊന്നുമില്ല.

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

സമാഹൃത റിപ്പോർട്ടിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളൊന്നും ഇല്ല.

# 4-9 ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 50381228 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42806795 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 31647 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 282446 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 5506 | രാധ.കെ.കെ,ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-2 | - | 26141 | ദിവ്യ കെ.എം. അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | - | 31647 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 130000 | ഡോ.അഞ്ജന.കെ.ഇ,മെഡിക്കൽ ഓഫീസർ |
| 1-22 | 152446 | ശോഭന.വി.എസ്,ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് |
| ആകെ | 282446 | |

(സി).കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.
ഇല്ല.

(ഡി). നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.
ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാധ.കെ.കെ ഐ.സി.ഡി.എസ് സൂപ്പർവൈസർ | വിരമിച്ചു | ചിറ്റേത്ത് ഭൂതത്താൻകെട്ട് പി.ഒ പൂച്ചക്കുത്ത് |
| ദിവ്യ കെ.എം. അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമാക്കിയില്ല. | മഞ്ഞിനാക്കുഴി ഹൗസ് പാനിപ്ര പി.ഒ. ഇരുമലപ്പടി |
| ഡോ.അഞ്ജന.കെ.ഇ മെഡിക്കൽ ഓഫീസർ | ലഭ്യമാക്കിയില്ല | തുരുത്തിയിൽ ഹൗസ് കോട്ടപ്പടി പി.ഒ |
| ശോഭന.വി.എസ് ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് | ലഭ്യമാക്കിയില്ല | വാതുപറമ്പിൽ കുത്തുകുഴി പി.ഒ അയ്യൻകാവ് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1990-91,91-92,92-93 | എൽ.എഫ്.ഇ.പി1.253/95/തീയതി :13.10.1995 |
| 1996-97 | എൽ.എഫ്.ഇ.പി1.1196/1997തീയതി :06.07.1998 |
| 1997-98(ചെലവ്) | എൽ.എഫ്.ഇ.പി1.1231/98തീയതി :12.05.1999 |
| 1997-98(വരവ്) | എൽ.എഫ്.ഇ.പി1.1651/99/തീയതി :05.07.2000 |
| 1998-99 മുതൽ 2001-02 വരെ | എൽ.എഫ്.ഇ.പി1.673/2004തീയതി : 08.04.2005 |
| 1999-2000 | എൽ.എഫ്.ഇ.പി.7. 09/2008 തീയതി : 09.02.2009 |
| 2001-02 | എൽ.എഫ്.ഇ.പി.7. 11/2008 തീയതി : 09.02.2009 |
| 2003-04 | എൽ.എഫ്.ഇ.പി.7. 13/2008 തീയതി : 09.02.2009 |
| 2004-05 | എൽ.എഫ്.ഇ.(പി7) 857/2010 തീയതി :04.06.2011 |
| 2005-06 | എൽ.എഫ്.ഇ.(പി7). 858/2010തീയതി :04.01.2011 |
| 2006-07 | എൽ.എഫ്.ഇ.(പി7). 191/12 തീയതി : 21.04.2012 |
| 2007-08 | എൽ.എഫ്.ഇ.(പി7). 192/12 തീയതി : 21.04.2012 |
| 2008-09 | എൽ.എഫ്.ഇ.(പി7). 193/12 തീയതി : 21.04.2012 |
| 2009-10 | എൽ.എഫ്.ഇ.(പി7). 194/12 തീയതി : 21.04.2012 |
| 2010-11, 11-12 | എൽ.എഫ്.ഇ.(പി7). 1698/13 തീയതി : 23.10.2013 |
| 2012-13, 13-14 | എൽ.എഫ്.ഇ.(പി7). 648/1 തീയതി : 08.06.15/ 22.07.15 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം. (പി 7)1320/2016 തീയതി 3.8.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം. (പി 14)177/2017തീയതി 06.02.17 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം.(പി 14)1415/2017 തീയതി 26.07.17/28.09.17 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം.(പി 14) 1415/2017 തീയതി 26.07.17/28.09.17 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കീരംപാറ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

**2018-19സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.**

1. വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. ധനകാര്യ പത്രിക 40a പ്രകാരം എൻ.ആർ.ഇ.ജി.എസ്. മുന്നിരിപ്പ് 216 രൂപയാണ്. എന്നാൽ എൻ.ആർ.ഇ.ജി.എസ്. രജിസ്റ്റർ പ്രകാരം ഇത് 1534/- ആണ്.

3. 2018-19 B9 ഷെഡ്യൂളിൽ ഇലക്ട്രിസിറ്റി ചാർജ്ജ് മുതലായവയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4. Deposit received from others എന്നത് 2015 ലെ ഇലക്ഷൻ ഡെപ്പോസിറ്റ് തുകയാണ്. ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ANNEXURE-1

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of KEERAMPARA GRAMA PANCHAYATH in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayath Raj Accounting Rules 2011, and the guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions, and the instructions vide GO(Rt.) 1413/2018/LSGD, Dated.22.5.18.

In my opinion, the Financial Statement of KEERAMPARA GRAMA PANCHAYATH for the year 2018-19 subject to the observations appended, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR
KERALA STATE AUDIT DEPARTMENT
DISTRICT AUDIT OFFICE, ERNAKULAM

## Defects identified on verification of Annual Financial Statement 2018-19 of KEERAMPARA GRAMA PANCHAYAT

1)Property tax accounts in AFS differs with those in Sanchaya.

2)As per Financial Statement 40(a) NREGS Opening Balance is Rs.216. But, as per NREGS register it is recorded as Rs.1534/-.

3)Provision for Electricity Charge etc are not provided in B.9 schedule.

4)Amount entered as Deposit received from others is Election Deposit for the year 2015, the same may be forfeited and credited to Panchayath Fund.

DEPUTY DIRECTOR